

# കാൽവരിക്കുന്ന് വ്യാകുലമാത ഇടവക

ഇന്നത്തെ ആളൂർ സെന്റ് ജോസഫ് ഇടവക പള്ളിയുടെ തെക്ക് കിഴക്കേ ഭാഗത്ത് റെയിൽവേ ലൈനിന്റെ സമാന്തരമായി പോകുന്ന ആളൂർ പള്ളി നട - വെള്ളാഞ്ചിറ റെയിൽവേ ഗേറ്റിലേക്കുള്ള വഴിയുടെ കിഴക്കുവശത്ത് പരിശുദ്ധ മാതാവിന്റെ നാമധേയത്തിൽ ഈ ഭാഗത്തുണ്ടായിരുന്ന ക്രിസ്തീയവിശ്വാസികൾ ഒരു കപ്പേള പണിതീർത്തു. ഈ വിശ്വാസികൾ സമുദായം കൂടുകയും ആശാന്മാരെ ഇരുത്തി, കുട്ടികളെ നിലത്തെഴുത്ത് പഠിപ്പിക്കുകയും ചെയ്തതിനാൽ സ്ക്കൂൾ സമുദായ കപ്പേള എന്ന് പേര് വന്നു. വർഷം തോറും മെയ് മാസത്തിൽ മാതാവിന്റെ വണക്കമാസം വായിക്കുകയും 31-ാം തിയ്യതി അതിവിപുലമായ രീതിയിൽ തിരുന്നാളാഘോഷിക്കുകയും ചെയ്തിരുന്നു. ഈ കപ്പേളയുടെ പഴമ വിളിച്ചറിയിക്കുന്ന പല രേഖകളും ഇന്നും ഇവിടെ സൂക്ഷിച്ചുവരുന്നു.

## കുരിശുപള്ളിയുടെ വളർച്ച

ഇടവകയുടെ വികാരിയച്ചന്മാരും അസി. വികാരിമാരുമാണ് ഈ കപ്പേളയുടേയും മേഖലയുടേയും എല്ലാവിധ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചുവന്നത്. 1976-79-ൽ വന്ന റവ. ഫാ. ജോസഫ് പടമാടൻ അച്ചന്റെ കാലഘട്ടത്തിൽ വണക്കമാസ തിരുന്നാളിന് ദിവ്യബലി അനുവദിച്ചുകിട്ടി. റവ. ഫാ. ജോസ് കാനംകുടം അച്ചന്റേയും അസി. വികാരിയായിരുന്ന ബഹു. വിൻസന്റ് പാറയിലിന്റേയും കാലഘട്ടത്തിൽ ഈ പ്രദേശത്തിന് കാൽവരിക്കുന്ന് എന്ന് പേര് നല്കി. എല്ലാ ശനിയാഴ്ചകളിലും പരി. വ്യാകുലമാതാവിന്റെ നൊവേനയും ലദീഞ്ഞും ആരംഭിച്ചു. 1989-94-ൽ വികാരിയായിരുന്ന റവ. ഫാ. തോമസ് പാറേക്കാടന്റെ കാലത്ത് ഇടവക പള്ളിയിൽ നിന്നും പരി. വ്യാകുലമാതാവിന്റെ തിരുസ്വരൂപം ആഘോഷത്തോടെ കൊണ്ടുവന്ന് കാൽവരിക്കുന്നിൽ പ്രതിഷ്ഠിച്ചു. 1994-95 കാലഘട്ടത്തിൽ റവ. ഫാ. തോമസ് താടിക്കാരന്റെ സമയത്ത് 1994-ൽ ഞായറാഴ്ചകളിലും മറ്റു കടമുള്ള ദിവസങ്ങളിലും ദിവ്യബലി അനുവദിച്ച് കുരിശുപള്ളിയായി ഉയർത്തി.

1992-ൽ സ്ഥാപിതമായ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് ആശ്രമത്തിൽ (ബ്രദർ പൗളൂസ് ട്രെയിനിങ്ങ് സെന്റർ) മാറി മാറി വന്ന സുപ്പീരിയറന്മാരും ഈ പ്രദേശത്തിന്റെ എല്ലാവിധ വികസന പ്രവർത്തനങ്ങൾക്കും താങ്ങും തണലുമായി പ്രവർത്തിച്ചുവരുന്നു. 1995-98 കാലഘട്ടത്തിൽ പുതിയ പള്ളി അത്യാവശ്യമാകുകയും പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ച് രൂപതാ കച്ചേരിയിൽ നിന്നും അനുമതി വാങ്ങി. പള്ളി പണിയുവാൻ 1996 ഏപ്രിൽ 13-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തറക്കല്ലിടുകയും ചെയ്തു.

## ദേവാലയം

റവ. ഫാ. ജോസ് പഴയാറ്റിലിന്റെയും അസി. വികാരി റവ. ഫാ. ജോൺ കവലക്കാട്ടിന്റേയും നേതൃത്വത്തിൽ ഫ്രാൻസിസ്ക്കൻ ആശ്രമാധികാരികളുടേയും ഈ പ്രദേശത്തേയും മറ്റ് പല സ്ഥലങ്ങളിലേയും



ബ്ര. പൗളൂസ് ട്രെയിനിങ്ങ് സെന്റർ

സന്മനസ്സുള്ളവരുടേയും അകമഴിഞ്ഞ സഹായ സഹകരണത്തോടെ പണിതീർത്ത പുതിയ പള്ളിയുടെ ആശീർവ്വാദകർമ്മം 1997 മേയ് 25-ാം തിയതി മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. തുടർന്ന് എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 5.20-ന് ലദീഞ്ഞും നൊവേനയോടും കൂടി ദിവ്യബലിയും തുടങ്ങി.

1995-ൽ കാൽവരിക്കുന്ന് പള്ളിയുടെ ആഭിമുഖ്യത്തിൽ വികാരിയുടേയും ഫ്രാൻസിസ്ക്കൻ ആശ്രമം സുപ്പീരിയറായിരുന്ന റവ. ബ്രദർ ജോസഫ് മാങ്കുളത്തിന്റേയും പരിശ്രമ ഫലമായി, ഈ മേഖലയിലെ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് സഹായകമാകുവാൻ വേണ്ടി വിവാഹസഹായ ലഘുനിക്ഷേപ പദ്ധതി രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ ആരംഭിച്ചു.



മതബോധന ഹാൾ

## സിമിത്തേരി, ഇടവക

1998-2001 കാലഘട്ടത്തിൽ റവ. ഫാ. ജോസ് പന്തല്ലൂക്കാരന്റെ ഉത്സാഹത്താൽ വേദോപദേശ ഹാൾ പണിയുകയും 1, 2, 3, 4 ക്ലാസ്സുകാർക്ക് മതബോധനം തുടങ്ങുകയും ചെയ്തു. 2001-2004-ൽ റവ. ഫാ. പോൾ സി. അമ്പൂക്കന്റെ കാലഘട്ടത്തിൽ സിമിത്തേരിക്ക് അനുമതിവാങ്ങി പണി തുടങ്ങി. 2004-2007-ൽ റവ. ഫാ. ഡോ. ജോസ് വിതമറ്റിലിന്റെ സമയത്ത് സെൽ മോഡൽ സിമിത്തേരി പണിതീർത്ത് 2004 ജനുവരി 25-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചരിച്ചു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ ദിനവും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവുമായ ആഗസ്റ്റ് 15-ാം തിയ്യതി (15.8.2007) അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ രൂപതയിലെ 129-ാമത്തെ ഇടവകയായി കാൽവരിക്കുന്ന് കുരിശുപള്ളിയെ പ്രഖ്യാപിച്ചു. റവ. ഫാ. വർഗ്ഗീസ് പാലത്തിങ്കലാണ് സ്വതന്ത്ര ഇടവകയുടെ പ്രഥമ വികാരി. ഈ ഇടവകയിൽ 129 വീടുകളും 4 കുടുംബയൂണിറ്റുകളും മറ്റു ഭക്തസംഘടനകളും പ്രവർത്തിക്കുന്നു.